(സി) ഉത്തരവാദികളായവർക്കെതിരെ തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് 65, 68 പ്രകാരമുള്ള അന്വേഷണങ്ങൾ നടത്തുകയും തുടർന്ന് വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിനെതിരെ മുൻ സെക്രട്ടറി ശ്രീ.നാരായണൻ നമ്പ്യാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും നിലവിൽ സ്റ്റേ വാങ്ങിയിട്ടുണ്ട്.

സഹകരണ സംഘങ്ങൾ നടത്തുന്ന ചിട്ടികൾ

257(5416) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മറ്റ് സ്കീമുകളെന്ന വ്യാജേന ചിട്ടികൾ നടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സഹകരണ സ്ഥാപനങ്ങൾ മറ്റ് സ്കീമുകളെന്ന വ്യാജേന നികുതി വെട്ടിപ്പ് നടത്തുന്നതായി ഒരു പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചതിൽ, പരാതിയിലെ പരാമർശ വിഷയങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ബോധ്യപ്പെട്ടതിനാൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) സംഘങ്ങൾക്ക് ചിട്ടി നടത്താൻ സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ?

സംഘങ്ങൾക്ക് ചിട്ടി നടത്താൻ സഹകരണ നിയമത്തിൽ വ്യവസ്ഥയില്ല.

(സി) സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്., ജി.ഡി.എസ്. തുടങ്ങിയ സ്കീമുകൾ ചിട്ടിയായി കണക്കാക്കാറുണ്ടോ?

സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്, ജി.ഡി.എസ്. തുടങ്ങിയ സ്കീമുകൾ ചിട്ടിയായി കണക്കാക്കാറില്ല.

(ഡി) ഇത്തരം സ്കീമുകൾ നടത്തുന്നതിന് സർക്കുലറുകൾ പുറപ്പെടുവിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരം നൽകുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ?

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 66 (എ) പ്രകാരം സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുന്ന അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കുലറുകൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly